ശനി
31
ആഗസ്ത് 2024
Volume: 02 Issue: 72

pro@uoc.ac.in

/universityofcalicutofficial

# സിയു വാർത്ത

Weekly E Paper of University of Calicut

P R WING

കാലിക്കറ്റ് സർവകലാശാലാ പബ്ലിക് റിലേഷൻസ് വിഭാഗം പ്രസിദ്ധീകരണം

## കായികാധ്യാപകർക്ക് ക്ലാസെടുത്ത് ഐ.എം. വിജയൻ

കാലിക്കറ്റ് സർവകലാശാലയിൽ കായികാധ്യാപകരുടെ അധ്യാപകനായി ഐ.എം. വിജയൻ. യു.ജി.സി. മാളവ്യ മിഷൻ ടീച്ചർ ട്രെയിനിങ് സെന്റർ (എം.എം.ടി.ടി.സി.) സർവകലാശാലാ കായികവകുപ്പുമായി സഹകരിച്ചാണ് കായികാധ്യാപകർക്ക് നൂതന പരിശീലന ശാസ്ത്രത്തിൽ കോഴ്സ് നടത്തുന്നത്. വിവിധ സർവകലാശാലകളിൽ നിന്നുള്ള കായികാധ്യാപകർ കോഴ്സിൽ പങ്കെടുക്കുന്നുണ്ട്. മികവുറ്റ കളിക്കാരുമായുള്ള മുഖാമുഖം എന്ന സെഷനിലാണ് ഇന്ത്യൻ ഫുട്ബോൾ ടീമിന്റെ മുൻ നായകനായ ഐ.എം. വിജയൻ എത്തിയത്. രണ്ടാമത്തെ സെഷൻ ബിനു ജോർജ് അഭിസംബോധന ചെയ്തു. ടർഫ് കോർട്ടിന്റെ ദൂഷ്യഫലങ്ങൾ, സെവൻസ് ഫുട്ബോളിന്റെ സംഭാവനകൾ തുടങ്ങിയ വിഷയങ്ങളെല്ലാം ചർച്ചയായി. പരിശീലന പരിപാടിയുടെ ഉദ്ഘാടനം വൈസ് ചാൻസിലർ ഡോ. പി. രവീന്ദ്രൻ നിർവഹിച്ചു. ഡയറക്ടർ ഡോ. സാബു കെ. തോമസ് അധ്യക്ഷത വഹിച്ചു. കായികവകുപ്പ് മേധാവി ഡോ. വി.പി. സക്കീർ ഹുസൈൻ, ഡയറക്ടർ ഡോ. കെ പി. മനോജ്, ഡെപ്യൂട്ടി ഡയറക്ടർ ഡോ. ബിപിൻ എന്നിവർ സംസാരിച്ചു.




**യു.ജി.സി. എം.എം.ടി.ടി.സി. സർട്ടിഫിക്കറ്റ് പോർട്ടൽ വൈസ് ചാൻസലർ ഡോ. പി. രവീന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു**

### എം.എം.ടി.ടി.സി. കോഴ്സ് സർട്ടിഫിക്കറ്റിന് പോർട്ടൽ

എം.എം.ടി.ടി.സിയിൽ പരിശീലനം നേടുന്ന അധ്യാപകർക്കുള്ള സർട്ടിഫിക്കറ്റുകളുടെ വിതരണം ഇനി മുതൽ ഓൺലൈൻ പോർട്ടൽ വഴിയാകും നൽകുക. സർവകലാശാലാ കമ്പ്യൂട്ടർ സെന്ററിന്റെ സഹായത്തോടെ തയ്യാറാക്കിയ പോർട്ടലിന്റെ ഉദ്ഘാടനവും വൈസ് ചാൻസലർ നിർവഹിച്ചു. സി.യു.സി.സി. പ്രോഗ്രാമർമാരായ സൗമ്യ, ശ്രീദേവി, എം.എം.ടി.ടി.സി. ടെക്നിക്കൽ ഓഫീസർ ടി. സനിൽ എന്നിവരാണ് പോർട്ടൽ വികസിപ്പിച്ചത്. ചടങ്ങിൽ കമ്പ്യൂട്ടർ സെന്റർ ഡയറക്ടർ ഡോ. വി.എൽ. ലജീഷ്, രഞ്ജിമ, ഷെഫീഖ് തുടങ്ങിയവർ പങ്കെടുത്തു.

## 'ഗാന്ധിജിയുടെ കേരള സന്ദർശനവും നവോത്ഥാനവും'



**കാലിക്കറ്റ് സർവകലാശാലാ ഗാന്ധിചെയർ സംഘടിപ്പിച്ച സെമിനാർ വൈസ് ചാൻസലർ ഡോ. പി. രവീന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു**

**'ഗാന്ധിജിയുടെ കേരള സന്ദർശനവും കേരളത്തിലെ നവോത്ഥാനവും'** എന്ന വിഷയത്തിൽ കാലിക്കറ്റ് സർവകലാശാലാ ഗാന്ധിചെയർ ഏകദിന സെമിനാർ നടത്തി. സർവകലാശാലാ ചരിത്ര പഠനവകുപ്പ്, പൊളിറ്റിക്കൽ സയൻസ് വകുപ്പ് എന്നിവയുമായി സഹകരിച്ച് സംഘടിപ്പിച്ച പരിപാടി വൈസ് ചാൻസലർ ഡോ. പി. രവീന്ദ്രൻ ഉദ്ഘാടനം ചെയ്തു. പൊളിറ്റിക്കൽ സയൻസ് പഠനവകുപ്പ് മേധാവി ഡോ. സാബു തോമസ് അധ്യക്ഷത വഹിച്ചു. സിൻഡിക്കേറ്റംഗം ടി.ജെ. മാർട്ടിൻ, സ്റ്റാഫ് ഓർഗനൈസേഷൻ പ്രസിഡന്റ് കെ. പ്രവീൺ കുമാർ, ഗാന്ധിചെയർ ഭാരവാഹികളായ ആർ.എസ്. പണിക്കർ, പി. പ്രേമരാജൻ എന്നിവർ സംസാരിച്ചു. വിവിധ സെഷനുകൾക്ക് ഡോ. എം. പി. മുജീബ് റഹിമാൻ, ഡോ. ആർസു, ഡോ. വി.വി. ഹരിദാസ് എന്നിവർ നേതൃത്വം നൽകി. ഡോ. പി. ശിവദാസൻ, ഡോ. കെ.എസ്. മാധവൻ, ഡോ. എം. ഹരിപ്രിയ, നോവലിസ്റ്റ് യു.കെ. കുമാരൻ, ഡോ. എൻ. പി. ഹാഫിസ് മുഹമ്മദ്, ഡോ. ആർ.വി.എം. ദിവാകരൻ, ഡോ. എം.സി. അബ്ദുൾ നാസർ, ഡോ. കെ.എം. അനിൽ, ഡോ. അരുൺ കരിപ്പാൽ, കവിയും സാമൂഹിക പ്രവർത്തകനുമായ എം.എം. സചീന്ദ്രൻ, ചലച്ചിത്ര സംവിധയകാൻ സമദ് മങ്കട തുടങ്ങിയവർ പങ്കെടുത്തു. സമാപന ചടങ്ങ് രജിസ്ട്രാർ ഡോ. ഇ.കെ. സതീഷ് ഉദ്ഘാടനം ചെയ്തു.

## അയ്യങ്കാളി ചെയറിൽ പ്രഭാഷണ പരമ്പര




**കാലിക്കറ്റ് സർവകലാശാലയിലെ മഹാത്മാ അയ്യങ്കാളി ചെയർ സംഘടിപ്പിച്ച പ്രഭാഷണ പരമ്പര വൈസ് ചാൻസലർ ഡോ. പി. രവീന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു**

കാലിക്കറ്റ് സർവകലാശാലയിലെ മഹാത്മാ അയ്യങ്കാളി ചെയറിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഒന്നാമത് അയ്യങ്കാളി സ്മാരക പ്രഭാഷണപരമ്പര വൈസ് ചാൻസലർ ഡോ. പി. രവീന്ദ്രൻ ഉദ്ഘാടനം ചെയ്തു. ചരിത്ര വിഭാഗം മേധാവി ഡോ. എം.പി. മുജീബ് റഹ്മാൻ അധ്യക്ഷത വഹിച്ചു. ഹൈദരാബാദ് കേന്ദ്രസർവകലാശാലയിലെ രാഷ്ട്രമീമാംസ വിഭാഗം അസോ. പ്രൊഫസർ ഡോ. ബി.എൽ. ബിജു മുഖ്യ പ്രഭാഷണം നടത്തി. സിൻഡിക്കേറ്റംഗം ഡോ. പി.പി. പ്രദ്യുമ്നൻ, അയ്യങ്കാളി ചെയർ കോ-ഓർഡിനേറ്റർ ഡോ. സതീഷ് പാലങ്കി, വിസിറ്റിംഗ് പ്രൊഫസർ ഡോ. എം.ടി. നാരായണൻ, ഡോ. ആഷിത എന്നിവർ സംസാരിച്ചു.

## യാത്രയയപ്പ് നൽകി



**വി. മിനി**

കാലിക്കറ്റ് സർവകലാശാലയിൽ നിന്ന് ഈ മാസം വിരമിക്കുന്ന ഹയർഗ്രേഡ് സെക്ഷൻ ഓഫീസർ വി. മിനിയ്ക്ക് സ്റ്റാഫ് വെൽഫെയർ ഫണ്ടിന്റെ ആഭിമുഖ്യത്തിൽ യാത്രയയപ്പ് നൽകി. വൈസ് ചാൻസലർ ഡോ. പി. രവീന്ദ്രൻ ഉദ്ഘാടനം ചെയ്തു. രജിസ്ട്രാർ ഡോ. ഇ.കെ. സതീഷ് അധ്യക്ഷനായി. പരീക്ഷാ കൺട്രോളർ ഡോ. ഡി.പി. ഗോഡ്വിൻ സാംരാജ്, സംഘടനാ പ്രതിനിധികളായ വി.എസ്. നിഖിൽ, കെ. സുരേഷ് കുമാർ, ഹബീബ് കോയ തങ്ങൾ, ടി. കെ. ജയപ്രകാശ്, വെൽഫെയർ ഫണ്ട് ഭാരവാഹികളായ പി. നിഷ, ടി.എം. നിഷാന്ത് എന്നിവർ സംസാരിച്ചു.

Published by the Public Relations Wing, University of Calicut, on behalf of Registrar University of Calicut | Content Editor: Shri. Shijith CK | DTP: Shri. Abay Dev | Design: Shri. Rizvan Ameer EK | Private Circulation Only